# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4718 — 27-6-2014-ൽ മറുപടിക്ക്

### നഗരങ്ങളിലെ തെരുവ് നായ്ക്കളുടെ ശല്യം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ: | ശ്രീ. മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് നഗരങ്ങളിൽ തെരുവുനായ്ക്കളുടെ ശല്യം കൂടി വരുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) തെരുവുനായ്ക്കളുടെ കടിയേറ്റ എത്ര സംഭവങ്ങൾ ഇതിനകം റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ ; | (ബി) നായ്ക്കളുടെ കടിയേറ്റ് 27859 പേർ സംസ്ഥാനത്തെ വിവിധ ആശുപത്രികളിൽ ചികിത്സ തേടിയിട്ടുണ്ട്. |
| (സി) തെരുവുനായ്ക്കളുടെ ശല്യം ഒഴിവാക്കാൻ ഇതിനകം എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (സി) മൃഗസംരക്ഷണ വകുപ്പുമായി ചേർന്ന ആനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശം എല്ലാ നഗരസഭകൾക്കും നൽകിയിട്ടുണ്ട്. ടി പ്രോഗ്രാം നടപ്പിലാക്കുന്നതിനുള്ള പദ്ധതികൾ നഗരസഭകൾ ഏറ്റെടുക്കുകയും അവ നിർവ്വഹണത്തിന്റെ പ്രാരംഭഘട്ടത്തിലുമാണ്. തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷനിൽ പ്രവർത്തനങ്ങൾ ഇതിനകം ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം കോർപ്പറേഷനിൽ നാളിതുവരെ 1700 നായ്ക്കളെ 2006 മുതൽ എബിസി പ്രോഗ്രാം പ്രകാരം വന്ധ്യംകരണ ശസ്ത്രക്രിയ നടത്തിയിട്ടുണ്ട്. 2013, 2014 വർഷങ്ങളിലായി 250 തെരുവു നായ്ക്കൾക്ക് |

പേവിഷബാധ കുത്തിവയ്പ് നടത്തിയിട്ടുണ്ട്. അഹമ്മദാബാദ് കേന്ദ്രമായ ഹ്യൂമൻ ഇന്റർനാഷണൽ സൊസൈറ്റിയുമായി ചേർന്ന് വിപുലമായ രീതിയിൽ എ.ബി.സി പ്രോഗ്രാം നടപ്പിലാക്കുന്നതിന് MOU ഒപ്പുവയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഒരു മാസം മുതൽ ഒരു വയസ്സുവരെ പ്രായമായ നായ്ക്കുട്ടികളെ വന്ധ്യം കരിക്കുന്ന ഒരു പദ്ധതി തൃശൂർ മുനിസിപ്പൽ കോർപ്പറേഷനിൽ നിലവിലുണ്ട്. സന്നദ്ധ സംഘടനകളുടെ സഹായത്തോടെ മുതിർന്ന നായ്ക്കൾക്കും വന്ധ്യം കരിക്കുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ